# സെക്കണ്ടറി

## മലയാളം (232)

# MALAYALAM

## നിർദ്ദിഷ്ട പഠനപ്രവർത്തനം

## Tutor Marked Assignments

**പരമാവധി മാർക്ക് : 20**

**Max Marks : 20**

---

**കുറിപ്പ് : (i)** എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്. ഓരോ ചോദ്യത്തിനും അനുവദിച്ചിട്ടുള്ള മാർക്ക് ചോദ്യത്തോടൊപ്പം കൊടുത്തിരിക്കുന്നു.

**(ii)** ഉത്തരക്കടലാസിന്റെ ഒന്നാം പുറത്ത് നിങ്ങളുടെ പേര്, റോൾ നമ്പർ, അദ്ധ്യയന കേന്ദ്രത്തിന്റെ പേര്, വിഷയത്തിന്റെ പേര് തുടങ്ങിയവ മുകൾഭാഗത്തായി എഴുതുക

**I. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 - 60 വാക്കിൽ ഉത്തരമെഴുതുക.**

(1) ഓണത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയാകാത്തതിൽ പെൺകുട്ടിക്കുള്ള വിഷമതകൾ കവി അവതരിപ്പിക്കുന്നതെങ്ങനെ ?

(ആധാരം : പാഠം 1) ( 2 മാർക്ക് )

(2) കുടുംബജീവിതം ആദർശപൂർണ്ണമാക്കാൻ കെ.പി. കേശവമേനോൻ നിർദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാം ?

(ആധാരം : പാഠം 8) ( 2 മാർക്ക് )

**II. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 - 60 വാക്കിൽ ഉത്തരമെഴുതുക.**

(1) കുഞ്ഞുണ്ണിക്കവിതകളുടെ പ്രത്യേകതകൾ പാഠഭാഗത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക

(ആധാരം : പാഠം 5) ( 2 മാർക്ക് )

(2) തോൽപ്പാവക്കൂത്ത്, ചാക്യാർകൂത്ത് ഇവതമ്മിലുള്ള സാമ്യ - വ്യത്യാസങ്ങൾ പാഠഭാഗത്തു നിന്നും കണ്ടെത്തി എഴതുക

(ആധാരം : പാഠം 21) ( 2 മാർക്ക് )

**III. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 - 60 വാക്കിൽ ഉത്തരമെഴുതുക.**

(1) 'മനസ്വിനി' എന്ന കവിതയിൽ പ്രഭാതത്തെ ചങ്ങമ്പുഴ വർണ്ണിച്ചിരിക്കുന്നത് സ്വന്തം വാക്യത്തിലെഴുതുക ?

(ആധാരം : പാഠം 22) ( 2 മാർക്ക് )

(2) ഇന്ത്യയുടെ ഏകത്വം പ്രകടമാകുന്ന സന്ദർഭങ്ങൾ ജവഹർലാൽ നെഹ്റു ചൂണ്ടിക്കാട്ടുന്നത് ഏതെല്ലാമെന്ന് എഴുതുക

(ആധാരം : പാഠം 26 ) ( 2 മാർക്ക് )

**IV. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 100 - 150 വാക്കിൽ ഉത്തരമെഴുതുക.**

(1) 'വാസവദത്ത ' എന്ന പാഠഭാഗത്ത് മാളികയുടെ ഭംഗി, നായികയുടെ മുഖസൗന്ദര്യം എന്നിവ കുമാരനാശാൻ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?

(ആധാരം : പാഠം 10 ) ( 4 മാർക്ക് )

(2) ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങളുടെ ആനുകാലികപ്രസക്തി 'ഒരു ജാതി ഒരുമതം' എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി വിവരിക്കുക

(ആധാരം : പാഠം 23) ( 4 മാർക്ക് )

**V. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 100 - 150 വാക്കിൽ ഉത്തരമെഴുതുക.**

(1) നിങ്ങളുടെ പ്രദേശത്ത് സർക്കാർ ആരോഗ്യകേന്ദ്രം സ്ഥാപിക്കേണ്ടതിന്റെ അടിയന്തിരപ്രാധാന്യം അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ട് പ്രമുഖ ദിനപത്രത്തിന്റെ പത്രാധിപർക്ക് ഒരു കത്ത് തയ്യാറാക്കുക

(ആധാരം : പാഠം 9) ( 4 മാർക്ക് )

(2) സ്ത്രീ അനുഭവിക്കുന്ന ദുഃഖങ്ങളെയും ത്യാഗങ്ങളെയും കുറിച്ച് 'പെങ്ങൾ' എന്ന കവിതയിൽ ഒ.എൻ.വി. കുറുപ്പ് നിരത്തുന്ന വസ്തുതകൾ ഉപന്യസിക്കുക

(ആധാരം : പാഠം 18 ) ( 4 മാർക്ക് )

**VI. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 500 വാക്കിൽ ഉത്തരമെഴുതുക.**

(1) 'പരിസ്ഥിതിനാശം മൂലം ഉണ്ടാകുന്ന പ്രകൃതിദുരന്തങ്ങൾ' എന്ന വിഷയത്തെ അധികരിച്ച് നടത്തുന്ന സെമിനാറിൽ അവതരിപ്പിക്കുവാനുള്ള ലഘുപ്രബന്ധം തയ്യാറാക്കുക

(ആധാരം : പാഠം 20 ) ( 6 മാർക്ക് )

(2) താഴെ കൊടുത്തിരിക്കുന്ന സൂചനകൾ അടിസ്ഥാനമാക്കി, നിങ്ങൾ നടത്തിയ ഒരു യാത്രയെപ്പറ്റി വിവരണം തയ്യാറാക്കുക

* യാത്രയുടെ ഒരുക്കം
* വഴിയിൽ കണ്ട കാഴ്ചകൾ
* കണ്ട സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ
* ചരിത്രപരവും സാംസ്കാരികവുമായ പ്രധാന്യം
* ആകർഷിച്ച കാഴ്ചകൾ, വസ്തുതകൾ
* ഉണ്ടായ ബുദ്ധിമുട്ടുകളും കഷ്ടതകളും
* യാത്ര പകർന്നുതന്ന അനുഭൂതി

(ആധാരം : പാഠം 14) ( 6 മാർക്ക് )